entri

## Current affairs 13 Aug 2025

**മലയാറ്റൂർ ട്രസ്റ്റ് ഏർപ്പെടുത്തിയ 18-ാമത് മലയാറ്റൂർ പുരസ്കാരത്തിന് അർഹനായത്**

ഇ. സന്തോഷ്കുമാർ

- ഇ. സന്തോഷ്കുമാറിന്റെ 'തപോമയിയുടെ അച്ഛൻ' എന്ന നോവലിനാണ് പുരസ്കാരം.
- യുവ എഴുത്തുകാർക്കുള്ള മലയാറ്റൂർ പ്രൈസ് സലിൻ മാങ്കുഴിയുടെ 'ആനന്ദലീല' എന്ന നോവലിന് ലഭിച്ചു.
- മലയാറ്റൂർ ട്രസ്റ്റ് ഏർപ്പെടുത്തിയ 17-ാമത് മലയാറ്റൂർ പുരസ്കാരത്തിന് അർഹയായത് - സാറാ ജോസഫ് (പുസ്തകം - എസ്തേർ)

---

**2025 ലെ എഎസ്എഫ് ഏഷ്യൻ സർഫിംഗ് ചാമ്പ്യൻഷിപ്പിൽ ഓപ്പൺ പുരുഷ വിഭാഗത്തിൽ വെങ്കല മെഡൽ സ്വന്തമാക്കിയ ഇന്ത്യൻ താരം**

രമേശ് ബുഡിഹാൽ

- ഏഷ്യൻ സർഫിംഗ് ചാമ്പ്യൻഷിപ്പിൽ ഓപ്പൺ പുരുഷ വിഭാഗം ഫൈനലിന് യോഗ്യത നേടിയ ആദ്യ ഇന്ത്യൻ താരമാണ് രമേശ് ബുഡിഹാൽ.
- കോണ്ടിനെന്റൽ ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ ആദ്യത്തെ വ്യക്തിഗത മെഡലാണിത്.

---

**71-ാമത് നെഹ്റുട്രോഫി വള്ളംകളിയുടെ ഭാഗ്യചിഹ്നം**

വള്ളം തുഴഞ്ഞ് നീങ്ങുന്ന കാക്കത്തമ്പുരാട്ടി

---

**2025 ജൂലൈ മാസത്തെ ഐസിസി പുരുഷ പ്ലെയർ ഓഫ് ദ മന്ത് ആയി തിരഞ്ഞെടുക്കപ്പെട്ട ഇന്ത്യൻതാരം**

ശുഭ്മാൻ ഗിൽ

---

**സംസ്ഥാനത്ത് ആദ്യമായി ഹരിത ബജറ്റ് അവതരിപ്പിച്ച കോർപ്പറേഷൻ**

തിരുവനന്തപുരം

- കാലാവസ്ഥാ വ്യതിയാനവും അനുബന്ധ പ്രശ്നങ്ങളും പരിഹരിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ളതാണ് തിരുവനന്തപുരം കോർപ്പറേഷൻ അവതരിപ്പിച്ച ഹരിത ബജറ്റ്.






രമേശ് ബുഡിഹാൽ






ശുഭ്മാൻ ഗിൽ

4.8 ★ Download the app now | Learn in Malayalam